**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 816 — 30.11.2018-ൽ മറുപടിക്ക്

## ഗോത്രബന്ധു പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഗോത്രബന്ധു പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | എ) | പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസു വരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി/ബി.എഡ്/ ഡി.എഡ് പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാന ത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി".<br><br>വയനാട് ജില്ലയിൽ 2017-18 അദ്ധ്യയന വർഷം നടപ്പിലാക്കിയ ഗോത്രബന്ധു പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ എത്രത്തോളം പരിഹരിയ്ക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | ബി) | സംസ്ഥാനത്ത് വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിൽ 2017-18 അദ്ധ്യയനവർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ ഗോത്രഭാഷയിൽ അദ്ധ്യയനം നടത്തുന്നതിനാൽ ഗോത്ര മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം ഉയർത്തി വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരി ക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി സംസ്ഥാനത്താകെ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) | 2017-18 അദ്ധ്യയന വർഷം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി/ബി.എഡ്/ഡി.എഡ് പാസ്സായ പട്ടികവർഗ്ഗക്കാരിൽ നിന്നും അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2018-19 അദ്ധ്യയനവർഷം മുതൽ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ